കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ കോളേജുകളിൽ നടത്തിവരുന്ന മറ്റ് സർവ്വകലാശാലകളുടെ കോഴ്സുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു:

കോളേജ്	*സർവ്വകലാശാല*	*കോഴ്സ്*
1. നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി	ഭാരതിയാർ യൂണിവേഴ്സിറ്റി (വിദൂര പഠന കേന്ദ്രം)	(1) ബി.എസ്സി. കംപ്യൂട്ടർ സയൻസ് (2) ബികോം കംപ്യൂട്ടർ സയൻസ് (3) ബി. ബി. എം.
2. സേക്രഡ് ഹാർട്ട് കോളേജ്, ചാലക്കുടി	ഭാരതിയാർ യൂണിവേഴ്സിറ്റി	ബി.എസ്സി. കംപ്യൂട്ടർ സയൻസ്
3. ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കുട	ഭാരതിയാർ യൂണിവേഴ്സിറ്റി	(1) ബി.എസ്സി. കംപ്യൂട്ടർ സയൻസ് (കോൺടാക്ട് ക്ലാസ്സ്) (2) എം.സി.എ. (കോൺടാക്ട് ക്ലാസ്സ്) (3) ബി.സി.എ. (കോൺടാക്ട് ക്ലാസ്സ്) യൂണിവേഴ്സിറ്റി ഓഫ് വാഷിങ്ങ്ടൺ സർട്ടിഫിക്കറ്റ് ഇൻ പ്രൊഫഷണൽ കമ്മ്യൂണിക്കേഷൻ

ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം

*26 [296] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
,, കെ. കെ. ജയചന്ദ്രൻ:
,, രാജു എബ്രഹാം:
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ കേരളത്തിലെ എത്ര എഞ്ചിനീയറിംഗ് കോളേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) ഈ പ്രോഗ്രാം നടപ്പാക്കുന്നതിന് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായി സർക്കാർ ഏതെങ്കിലും തരത്തിലുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പാക്കുന്നതിന്റെ ഭാഗമായി മാനേജ്മെന്റ് തലത്തിലും അദ്ധ്യാപകരുടേയും ജീവനക്കാരുടേയും തലത്തിലും വിദ്യാർത്ഥികളുടെ പ്രവേശനത്തിലും വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) കേരളത്തിലെ 6 എഞ്ചിനീയറിംഗ് കോളേജുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ കേന്ദ്രസർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോടിനെയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ പ്രോഗ്രാം നടപ്പാക്കുന്നതിന് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പാക്കുന്നതിന്റെ ഭാഗമായി മാനേജ്മെന്റ് തലത്തിലും അദ്ധ്യാപകരുടേയും ജീവനക്കാരുടേയും തലത്തിലും വിദ്യാർത്ഥികളുടെ പ്രവേശനത്തിലും വരുത്തേണ്ട മാറ്റങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഗുരുദേവ കൃതികൾ പാഠപുസ്തകമാക്കുവാൻ നടപടി

*27 [297] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരുദേവനെക്കുറിച്ചും ഗുരുദേവ കൃതികളെക്കുറിച്ചും സാമൂഹ്യ പരിഷ്കാരങ്ങളെക്കുറിച്ചും ഉള്ള വിഷയങ്ങൾ സ്കൂൾ, കോളേജ് പാഠ്യ സിലബസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ഗുരുദേവ കൃതികൾ പാഠപുസ്തകമാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

കേരള റോഡ് ഫണ്ട് ബോർഡ് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന പാതകൾ

*28 [298] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡ് സംസ്ഥാനത്തെ ഏതെങ്കിലും പാതകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly